# രഘുവിന്റെ ഭാര്യ

വാതിൽ തുറന്നപ്പോൾ ലളിത ലേശം അമ്പരന്നുപോയി. തീരെ പ്രതീക്ഷിക്കാത്ത വിരുന്നുകാരൻ. രഘു ഈ വീട്ടിൽ നിന്നറങ്ങിപ്പോയത് കുറെ മാസങ്ങൾക്ക് മുൻപാണ്.

''വരു'' ലളിത പറഞ്ഞു.

രഘുവിന്റെ മുടി ചെന്നിയിൽ നരച്ചിരുന്നു. വേണ്ടതിലധികം എന്നു തന്നെ പറയണം. കണ്ണുകൾക്കുകീഴിൽ വരകൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

മേശപ്പുറത്തെ കുപ്പിച്ചില്ലിൽ വീണ സ്വന്തം പ്രതിബിംബത്തിൽ ലളിത ഒരു നിമിഷം നോക്കി.

''വരു'' ലളിത വീണ്ടും പറഞ്ഞു. 'രഘുവിനു വയസ്സ് ബാധിച്ചിരിക്കുന്നു.'

'ലളിത തടിച്ചിരിക്ക്യാണ്.' രഘുപറഞ്ഞു. ''പ്രൗഢാംഗന എന്നും പറയാം. എിക്ക് ഒരു ഗ്ലാസ്സ് വെള്ളം തരു.'

രഘു കസേരയിലിരുന്നു മുന്നിലന്നെ സ്റ്റൂൾ വലിച്ചുവെച്ച് കാലുകൾ അതിലേക്ക് നീട്ടി. ലളിത ആ ഇരിപ്പ് ഒരു നിമിഷം നോക്കിനിന്നു. തനിക്ക് ചിരപരിചിതമായ ആ ഇരിപ്പ് പൂർത്തിയാവാൻ കൈകൾ പിന്നിലേക്ക് ഒന്നു വളച്ചുവെക്കുക കൂടിയേ വേണ്ടൂ.

ഫാനിന്റെ നേർത്ത കാറ്റിൽ ഉലഞ്ഞ ഷർട്ടിന്റെ കോളറും മുടിയിഴകളും ഇളകി. രഘു കണ്ണടച്ചാണ് ഇരുന്നിരുന്നത്.

വെള്ളത്തിന്റെ ഗ്ലാസ്സ് നീട്ടി. ലളിത തൊണ്ട ശരിയാക്കി,' എല്ലാവർക്കും സുഖമല്ലേ ?'

രഘുവിന്റെ നോട്ടം ലളിത ഇമ വെട്ടാതെ നേരിട്ടു. 'എല്ലാവർക്കും' എന്നു ചോദിച്ചപ്പോൾ തന്റെ ശബ്ദം ആവശ്യത്തിലധികം കനക്കുകയോ നേർക്കുകയോ ചെയ്തോ എന്നോർക്കുകയായിരുന്നു ലളിത.

'സുമതി ഇന്നലെ മരിച്ചു. 'രഘു പറഞ്ഞു: ലളിത ഇരിക്കു.'

മേശപ്പുറത്ത് വരയ്ക്കാൻ തുടങ്ങിയ വിരൽ അതേപോലെ നിന്നു.

'എങ്ങനെ ?'

'പനി എന്നു വേണമെങ്കിൽ പറയാം.'

'ഞാൻ കുറച്ച് ചായയുണ്ടാക്കട്ടെ' ലളിത പറഞ്ഞു: 'ഇപ്പൊ വരാം'.

രഘു പെട്ടെന്നു കൈപിടിച്ചു. 'ഇവിടിരിക്കു ലളിതേ. പിന്നെ മതി ചായ.'

അയാളുടെ സ്വരം, ഇരിപ്പ് എല്ലാം പുകക്കറപിടിച്ച കണ്ണാടിയിൽ പണിപ്പെട്ടു തെളിയുന്ന പ്രതിബിംബപോലെ അവളെ നൊമ്പരപ്പെടുത്തി. നോട്ടം രഘുവിന്റെ മുഖത്തുവീണതും രഘു കൈ പതുക്കെ വിലച്ചു.

അടികൊണ്ട പാമ്പിനെപ്പോലെ തന്നിലേക്ക് ഒന്നുകുടി ചുരുണ്ട് ലളിത മിണ്ടാതിരുന്നു.

കാലം ഈ വീട്ടിനു പുറത്തുകൂടെയാണ് ഒഴുകിയതെന്നു തോന്നുന്നു, രഘു പറഞ്ഞു: 'ഒന്നിനും ഇല്ല ഒരു മാറ്റം.'

സുമതിയെക്കുറിച്ച് എന്തെങ്കിലും ചോദിക്കേണ്ടതുണ്ടല്ലോ എന്ന് ആലോചിച്ചിരിക്കുമ്പോഴാണ് രഘു കൈ നീട്ടിയത്. ഒരു യാചനയുടെ മുഖഭാവത്തോടെ തന്റെ നേരെ നീണ്ട ആ കൈ ലളിത കുറച്ചുനേരം നോക്കിയിരുന്നു. അങ്ങനെതന്നെ അതെത്രനേരം നിൽക്കും ? ലളിത ഓർത്തു കുറച്ചുകൂടി നീങ്ങിയിരുന്നു. ആ കൈ സ്വന്തം കയ്യിലെടുക്കുകയാണ് എന്തുകൊണ്ടും സാമാന്യ മര്യാദ. മരത്തിൽനിന്ന് തൂങ്ങിയ ഉണക്കക്കമ്പുപോലെ തന്റെ നേരെ നിന്ന ആ കൈ ലളിത സ്വന്തം കയ്യിലെടുത്തു. പൊടുന്നനെയാണ് വെറും നിലത്തിരുന്നു തന്റെ മടിയിൽ തല വെച്ച് രഘു കരയാൻ തുടങ്ങിയത്. അപ്രതീക്ഷിതമായി എന്നു റപയാതെ വയ്യ. സുഖക്കേടിൽനിന്ന് ഭാര്യയെ രക്ഷിക്കാൻ കഴിയാത്തതിന്റെ കുററബോധമാവണം രെുപക്ഷേ രഘുവിന്. അയാളുടെ തലമുടിയിലൂടെയും കഴുത്തിലൂടെയും തലോടി ലളിത സ്വയം പറഞ്ഞു നോക്കി. ആർക്കാണ് അതുണ്ടാവാതിരിക്കുക.

രഘു കരയുക തന്നെയായിരുന്നു. കണ്ണീരിന്റെ നനവ് ലളിതയുടെ തുടയിൽ ചൂടോടെ വിണു.

'രഘു' ലളിത പറഞ്ഞു: 'അവനവന് ആവുന്നതൊക്കെ ചെയ്യാനല്ലേ പറ്റു.'

'രഘുവിന്റെ തലയിലും പുറത്തും തലോടുക തന്നെയായിരുന്നു ലളിത. പുറത്ത് ചിണുങ്ങുന്ന കുട്ടിയെപ്പോലെ മങ്ങിയ പകൽ. ജനലിനപ്പുറത്ത് നാലുമണിപ്പൂക്കളക്ക് മീതേ രാത്രി കെട്ടിമറിഞ്ഞു.

'വേഗം, വേഗം'. രഘു ധൃതി കുട്ടി. 'എനിക്ക് പെട്ടെന്ന് പോകണമെന്ന് ഞാനെത്ര തവണയായി ലളിതയോട് പറയുന്നു.'

വെളുത്ത വിരിപ്പിൽ രഘു വിലങ്ങനെയാണ് കിടന്നിരുന്നത്. രഘു നഗ്നനും ഉത്തേജിതനും ആയിരുന്നു. രഘുവിനെ, വെറും ഒരു ശരീരമെന്നമട്ടിൽ താനന്ന് ആദ്യമായി നോക്കി. വൈരൂപ്യങ്ങളില്ലാത്ത ഒരു വെറും

സാധാരണ ശരീരം. ലളിത സ്വയം പറഞ്ഞു. രഘുവിന്റെ വയർ ലേശം ഉന്തിയിരുന്നു. കാൽവണ്ണകൾ ഭംഗിയില്ലാത്തതും മിനുത്തതും ആയിരുന്നു. കാൽ കഴുകാതിരുന്നതിനാൽ കുതിയിലെ വിള്ളലുകൾ കറുത്തും, കക്ഷങ്ങളും മുഖവും വിയർപ്പുകൊണ്ട് വല്ലാതെ നനഞ്ഞും ഇരുന്നിരുന്നു.

രഘുവിന്റെ ക്ഷമ നശിച്ചിരിക്കണം. ധൃതിയിൽ, ഒരു മൃഗത്തിന്റെ ശക്തിയോടെ രഘു തന്നെ കിടക്കയിലേക്ക് വീഴ്ത്തി.

തന്റെ നിയന്ത്രണവും മര്യാദയും ഒക്കെ പൊട്ടിപ്പോയതും ആ നിമിഷത്തിലാണെന്ന് തോന്നുന്നു. നാറുന്ന ഒരു തുണിക്കഷണംപോലെ തന്റെ മുകളിൽനിന്ന് രഘുവിന്റെ കൈ തട്ടിമാറ്റി താനന്ന് ചീറി. 'കടക്കു പുറത്ത്.'

രഘു കിടന്നിടത്തുനിന്നും ചാടിയെഴിന്നേറ്റു. രഘു അമ്പരന്നിരിക്കണം. രഘുവിന്റെ മുഖത്തെ കുറ്റബോധവും പേടിയും ചളിപ്പും എല്ലാം ആ മുറിയിൽ ചളിവെള്ളംപോലെ തളംകെട്ടി. ആ മുഴുവൻ അശുദ്ധിയിലും മുങ്ങിനിന്ന് വെറുപ്പുകൊണ്ട് നിസ്സഹായയായി, താൻ വീണ്ടും അലറിക്കരഞ്ഞു. 'പുറത്തുപോകു രഘു.'

സാവധാനം, തോല്പിക്കപ്പെട്ടവനെപ്പോലെ, വസ്ത്രം ധരിച്ചുകൊണ്ടിരുന്ന രഘുവിനെ നോക്കിക്കിടക്കെ, താനാലോചിച്ചത് സുമതിക്കരികിലും രഘു ഇതേ ഭാവത്തോടെയാവുമോ കിടക്കുക എന്നാണ്. ആവുകയില്ലായിരിക്കും. ഭാര്യയോടുള്ള ചുമതലകളുടെ കണക്കു തീർക്കുമ്പോൾ സന്തോഷമാവും ബാക്കി നിൽക്കുന്നത്. സ്വന്തം മനസ്സാക്ഷിയോടാണെങ്കിലും കാണാപാഠം പഠിച്ച ഉത്തരങ്ങൾ പറയുകയാണ് എളുപ്പം. സൗകര്യപ്രദവും.

'മുള്ളുകൾ തറയ്ക്കാൻവേണ്ടി പുതിയ വഴികൾ തേടുന്ന ഫിലോസഫി എനിക്ക് മനസ്സിലാവില്ല.' രഘു പറയുകയുണ്ടായിട്ടുണ്ട്. മുള്ളു കളില്ലാത്തതുകൊണ്ട് വഴികൾക്ക് പതിത്വമൊന്നുമില്ല.

'മുള്ളുകളെ പേടിയുള്ളവരും ഇങ്ങനെതന്നെയാണ് പറയുക.' ലളിത പറഞ്ഞു.

ഏറെക്കഴിഞ്ഞാണ് താൻ തണുത്തത്. രഘു പുറത്ത് കസേരയിൽ തല താഴ്ത്തി ഇരുന്നു.

'അയാം സോറി' അയാൾ പറഞ്ഞു. ശരിയും തെറ്റും ഒന്നും എനിക്ക് മനസ്സിലാവുന്നില്ല. സുമതിയെ ആശുപത്രിയിലേക്ക് കൊണ്ടുപോകേണ്ടതാണ് ഇന്ന്.അവർ അവിടെ ഒറ്റയ്ക്കാണ്. എന്നെ കാത്തിരിക്കുകയുമാവും.

'പോകാമായിരുന്നു'. ലളിത പറഞ്ഞു 'ഞാൻ തടഞ്ഞു നിർത്തിയില്ല.'

'ഇല്ല'.

'ഔദാര്യത്തിന്റെ പ്രശ്നവുമില്ല.'

'ഇല്ല' രഘു പറഞ്ഞു: ലളിതയ്ക്കും ആവശ്യം അവനവന്റെ അധികരാം പറഞ്ഞുറപ്പിക്കലാണ്. ഇത് ഔദാര്യമല്ല, എന്റെ അവകാശമാണ് എന്ന്.

'ക്ഷമിക്കുക.' ലളിത പറഞ്ഞു: 'കിടക്കയിൽ തൊട്ടടുത്തു കിടക്കുന്ന പുരുഷന്റെ മുഖത്ത് ഔദാര്യവും സഹതാപവുമല്ല എനിക്കാവശ്യം. കൊള്ളമുതൽ പങ്കുവെക്കുന്ന പങ്കാളിത്തവുമല്ല.'

'ലളിതയ്ക്ക് വാക്കുകളാണ് പ്രധാനം '.കഴിഞ്ഞ കാലത്തിൽനിന്നും എന്തോ തപ്പിയെടുക്കുന്നതുപോലെ രഘു പിറുപിറുത്തു. 'അധികാരം, അവകാശം,ചുമതല അതിൽ കൂടുതലും കുറവും ഒന്നും നമ്മൾക്കിടയിലില്ല.

പോകാൻ ഇറങ്ങുമ്പോൾ രഘു കൈനീട്ടി. ബ്ലൗസിന്റെ തുറന്നു കിടന്നിരുന്ന ബട്ടണുകൾ ഇടുകയായിരുന്നു താൻ.അതിനാൽ രഘുവിന്റെ കൈ താൻ സ്വീകരിച്ചില്ല. കൈ തിരിച്ചെടുത്ത് രഘു പറഞ്ഞു: ഞാൻ വരാം'.

'വരൂ' ലളിത പറഞ്ഞു. എന്നിട്ട് തന്റെ മാറിലും വയറ്റിലും മനസ്സിലും പൊടിഞ്ഞിരുന്ന വിയർപ്പ് അമർത്തിത്തുടച്ചു.

തെളിഞ്ഞ മണൽപ്പുറത്തിരുന്നു രഘു പറഞ്ഞതും ഇതാണ്. 'ലളിതയ്ക്ക് വാക്കുകളാണ് പ്രധാനം.' അധികാരം, അവകാശം, ചുമതല. സ്നേഹത്തിന് അങ്ങനെയും ഒരു മുഖമുണ്ടാവാമെന്ന് ലളിതയ്ക്ക് തോന്നുന്നേയില്ലല്ലോ. ബുദ്ധികൊണ്ടല്ല, മനസ്സുകൊണ്ടാണ് നാം സ്നേഹിക്കുന്നത്, അവയ്ക്കുമേൽ ഒരു കടിഞ്ഞാണുണ്ടായിരിക്കുന്നത് നല്ലതാണ്.

'അതാണ് താലി'. ലളിത ചിരിച്ചു. 'ഒരു കടിഞ്ഞാൺ'.

രഘു മണലിൽ അമർത്തിത്തല്ലി.

'നമ്മൽ മാത്രം ബുദ്ധിയുള്ളവർ. ബാക്കിയെല്ലാവരും വിഡ്ഢികൾ. ആചാരങ്ങൾക്കും നിയമങ്ങൾക്കും എല്ലാറ്റിനുമുണ്ട് ചില ഉപയോഗങ്ങൾ.'

'ഇല്ലെന്ന് ഞാൻ പറഞ്ഞില്ലല്ലോ രഘു. ആ സൗ:കര്യങ്ങൾ എനിക്ക് വേണ്ടെന്നേ പറഞ്ഞുള്ളു'.

രഘു സംസാരിച്ചത് വിവാഹത്തെക്കുറിച്ചായിരുന്നു. തനിക്ക് ഏറെ മടുത്തുകഴിഞ്ഞ വിഷയമായതിനാൽ പൂഴിമണൽ കയ്യിലുതിർത്തുകൊണ്ട്താനന്ന് വറുെതെ ഇരുന്നു. രഘു പറഞ്ഞുനിർത്തിയപ്പോൾ താനാകെ മറുപടി പറഞ്ഞത്, ലളിത ഓർത്തു. രഘുവിന്റെ കൈയിലെ നഖങ്ങൾ

മുറിക്കാറായിരിക്കുന്നു എന്നു മാത്രമാണ്. രഘുവിന്റെ നഖങ്ങൾക്കിടയിൽ ചളി ഉണ്ടയിരുന്നുതാനും.

'തണ്ട്. കുരിത്തണ്ട്. തീരെ അപ്രസന്നമായ, ചുവന്ന മുഖത്തോടെ രഘു കിതച്ചു. 'എന്റെ കാൽക്കീഴിൽ വന്നാലോ. എനിക്കൊരു കുട്ടി വേണമെന്ന് തോന്നിക്കൂടെ ലളിതെ ?'

'ധാരാളം.' ലളിത ചിരിയോടെ പറഞ്ഞു: പക്ഷേ, അത് താലിയിലൂടെയല്ലല്ലോ കിട്ടുക.' 'ഞാൻ,' ലളിത മണലിൽ വീണ്ടും കുത്തിവരച്ചു. 'നിങ്ങളുടെ കുട്ടിയെ പ്രസവിക്കാൻ തയാറല്ല. രഘു. വളയങ്ങൾക്കുള്ളിൽ വീണു കഴിയുമ്പോൾ അവ പൊട്ടിക്കാൻ ഒരുപക്ഷേ എനിക്കും ആയില്ലെന്ന് വരും. ശ്രമിക്കാതിരിക്കാനും മതി. പാകത്തിൽ ചൂടാക്കപ്പെട്ട ഒരു മുറിയെപ്പോലെ അതിന്റെ അകം എനിക്ക് സൗകര്യപ്രദവും ആവശ്യവുമായിത്തീരും. ആ ചൂടിനെ അവകാശമെന്ന് ഞാൻ കരുതാൻ തുടങ്ങും. തഴുകിവിറപ്പിക്കുന്ന മഴയേക്കാൾ സ്വയം ചൂടുപിടിപ്പിക്കേണ്ടതുണ്ടെന്ന് ഓർമ്മിപ്പിക്കുന്ന കോച്ചുന്ന തണുപ്പിനേക്കാൾ ആ ചൂടിനെ ഞാൻ കൊതിക്കാൻ തുടങ്ങും. വയ്യ, രഘു ആവശ്യം വരുമ്പോൾ ഞാൻ എന്തൊക്കെ ചെയ്യുമെന്ന് എനിക്കൊരു ഉറപ്പുമില്ല. ഒരുപക്ഷേ മുറിക്ക് ചൂട് പോരെന്ന് പറഞ്ഞ് ഞാൻ നിങ്ങളെ കുത്തിക്കൊല്ലാനും മതി. ഒരു പക്ഷേ ആ ചൂടിൽ നിങ്ങൾ തന്നത്താൻ ചാവാനും മതി.'

'എന്നെയാണ് വിശ്വാസമില്ലാത്തത്.' രഘു പറഞ്ഞു. 'അത് ലളിത കുറെ ഭംഗിയായി പറയാൻ ശ്രമിക്കുകയാണ്.'

'അല്ല എന്ന് ഞാൻ ഉറപ്പിച്ച് പറയുന്നില്ല.' ലളിത വളരെ പതുക്കെ പറഞ്ഞു. 'കൂട്ടത്തിൽ എന്നേയും, ആരെയും പോലെ, വിശ്വാസമില്ല എന്നേ പറഞ്ഞുള്ളു. ആവശ്യവും അവകാശവും കൂട്ടിക്കുഴയ്ക്കരുതെന്നേ പറഞ്ഞുള്ളു.'

കലങ്ങിയ കണ്ണുകൾ തന്റെമേൽ തന്നെ ഉറപ്പിച്ചുനിർത്തി രഘു മിണ്ടാതിരുന്നു. ആ രഘുവിനെ തനിക്ക് തീരെ പരിചയമില്ല എന്നു തോന്നി. ലളിത ഓർത്തു. അന്ന് അവിടെനിന്നെഴുന്നേറ്റുപോയ രഘു തിരിച്ചു വന്നത് ഭാര്യയേയുംകൊണ്ടാണ്. ആദ്യം രഘുവിന്റെ പുറത്തുതട്ടി അഭിനന്ദിച്ച് ഒന്നുറക്കെച്ചിരിക്കാനാണ് തോന്നിയത്. പക്ഷേ, കൈ ഉയത്തിയപ്പോൾ, ഉറക്കെ ചിരിച്ചപ്പോൾ തനിക്കും വല്ലാതെ വേദനിച്ചു എന്ന് ലളിതയ്ക്ക് മനസ്സിലായി. അതിനാൽ താൻ അന്ന് ഉയർത്തിയ കൈ താഴേക്ക് തന്നെയിട്ടു. അകത്തെ ഇരുട്ടിൽ സുമതി ഉറക്കെ ചിരിച്ചു.

'കാപ്പി വേണ്ടേ വേണ്ട.'സുമതി പറഞ്ഞു. 'രഘുഏട്ടന് ഇഷ്ടമേ അല്ല കാപ്പി. ചായയിൽ മധുരം കുറച്ചുമതി.'

സുമതിക്കിരുവശവുമായിരുന്നു താനും രഘുവും. കണ്ണുകൾ കൂട്ടി മുട്ടിയതും രഘു പറഞ്ഞു: എനിക്കൊന്നും വേണ്ട.'

'ആജ്ഞപോലെ.' ലളിത സുമതിയെ നോക്കി പൊടുന്നനെ പറഞ്ഞു. 'ചായ. കുറച്ചു മധുരം'.

സ്വന്തം കാലിൽ ഉരയുന്ന സുമതിയുടെ സാരിത്തുമ്പ് തന്റെ കണ്ണിൽപ്പെട്ടതുകൊണ്ടാവണം രഘു പെട്ടെന്ന് കാലെടുത്തു മാറ്റി.

ലളിത ചിരിച്ചു ചിരിയുടെ തുമ്പുകൾ സുമതിയുടെ കണ്ണിലും പെട്ടു.

'നല്ല സാരി'. ലളിത പരുങ്ങലോടെ പറഞ്ഞു: 'സുമതിക്ക് നന്നായി ചേരുന്നു.'

'അതുതന്നെ.' സുമതി പെട്ടെന്ന് പറഞ്ഞു. ' നല്ലതൊന്നും രഘു ഏട്ടന് പിടിക്കില്ല.'

മഞ്ഞസാരിയുടുക്കുമെന്നറിഞ്ഞാൽ ആ പെണ്ണിനെ ഞാൻ ജന്മത്തിൽ നോക്കുകപോലുമില്ലെന്ന് രഘു പറഞ്ഞിരുന്നു.

സുമതി സാരിയിൽനിന്നും കല്യാണത്തിലേക്കും മധുവിധുവിന് തെരഞ്ഞെടുത്ത സ്ഥലത്തിലേക്കും ഒക്കെ കടന്നുകഴിഞ്ഞിരുന്നു.

'ഞങ്ങൾ വരട്ടെ ലളിതെ. 'രഘു പെട്ടെന്ന് പറഞ്ഞു.

'ഞങ്ങൾ.' ലളിത സ്വയം പറഞ്ഞു നോക്കി, വേദനിച്ച സ്ഥലം തടവിപ്പോയ സ്വാഭാവികതയോടെ അവൾ പറഞ്ഞു: 'ചായ മുഴുവൻ കുടിക്കൂ.'.

ചായ കുടിച്ച്, രഘു തീരെ അടുപ്പമില്ലാത്ത സ്ത്രീയുടെ മുന്നിലെന്നപോലെ ആകാവുന്നത്ര ഔപചാരികതയോടെ, മര്യാദയോടെ, സ്വന്തം വസ്ത്രങ്ങൾ ഒതുക്കിപ്പിടിച്ച് എഴുന്നേറ്റു. തങ്ങളുടെ അടുപ്പമില്ലായ്മ സുമതിയെ മനസ്സിലാക്കിക്കാനുള്ള രഘുവിന്റെ വെമ്പൽ ലളിത കൗതുകത്തോടെ കണ്ടു.

പുറത്ത് വന്നുനിന്ന കാറിന്റെ ശബ്ദസുഖമുള്ള ഹോൺ ശ്രദ്ധിക്കുകയായിരുന്നു സുമതി.

'സുമതീ,' രഘു വിളിച്ചു. 'എവിടെ നമ്മുടെ കുട' 'നമ്മുടെ' ലളിത വീണ്ടും ശ്രദ്ധിച്ചു.

ഞങ്ങൾ, നമ്മുടെ, ഈ വാക്കുകൾ ഒരു പൊള്ളലിന്റെ ശക്തിയോടെ ലളതിയുടെ മനസ്സിൽ നീറി.

'ശരിക്കും നേരം കുറെയായി.' സുമതി പറഞ്ഞു: 'ഉറക്കം വന്നിട്ടു വയ്യ.'

'ഞങ്ങളുടെ ദിവസം തുടങ്ങാറ് രാത്രി പത്തുമണിക്കാണ്. ' ലളിത പറഞ്ഞു.

'ഞങ്ങളുടെ എന്നുവെച്ചാൽ ? പോകാനുള്ള ഒരുക്കത്തിൽ സാരിയുടെ ഞൊറികൾ വൃത്തിയാക്കിക്കൊണ്ട് സുമതി ആരാഞ്ഞു.

രഘുവിന്റെ മുഖത്തേക്ക് ലളിത ഒരു നിമിഷം നോക്കി. രഘു നിലത്തേക്കും. രഘുവിന്റെ മുഖത്ത് പിടഞ്ഞ വിളർപ്പ്, പരിഭ്രമം എല്ലാം ഒരു കുസൃതിയോടെ ലളിത കണ്ടു.

'ഞാനടങ്ങുന്ന കുറച്ചാൾക്കാരുടെ.' പിന്നെ സാവധാനം ലളിത പറഞ്ഞു.

വാതിലിന്റെ പിടിയിൽ കൈ വെച്ച് ഒരു നിമിഷം രഘു അങ്ങനെ തന്നെ നിന്നു.

അങ്ങനെ അവിടെ നിന്നാണ് രഘു എന്നും തന്നെ ചുംബിക്കാറ്.

'വലത്തോട്ട് തിരിച്ചാൽ മതി,' ലളിത പറഞ്ഞു. അല്ലെങ്കിൽ ഞാൻ തുറന്നു തരാം.

മുറിയിൽനിന്ന് തെറിച്ചുവീണ മങ്ങിയ വെളിച്ചത്തിൽനിന്ന അവരോട് ലളിത പറഞ്ഞു: 'ഇനിയും വരൂ.'

സുമതി രഘുവിന്റെ കൈയിൽപ്പിടിച്ച് പുറത്തേക്കിറങ്ങി.

അവർക്ക് പിന്നിൽ അടഞ്ഞ വാതിലിൽ ചാരി ലളിത കുറച്ചു നേരംകൂടി നിന്നു. എവിടെയാണ് തനിക്ക് വേദനിക്കുന്നത്. ലളിത ഓർത്തു. എന്തിന് ?രഘുവിന്റെ കിടക്കയും ശരീരവും പങ്കുവെക്കലായിരുന്നില്ല തന്റെ ഉദ്ദേശ്യം. പുച്ഛത്തോടെ, അഹംഭാവത്തോടെ, താനത് ആർക്ക് വേണമെങ്കിലും കൈമാറാമെന്ന് പല തവണ പറഞ്ഞിട്ടുണ്ട്. രഘു പറയുന്നതുപോലെ തനിക്ക് വാക്കുകളിലാണ് കമ്പം എന്നുണ്ടോ ? കത്തിച്ചു വെച്ച മെഴുകുതിരിക്കു മുകളിൽ ലളിത സ്വന്തം കൈപ്പടം ഇളകാതെ പിടിച്ചു. കരി പാടപോലെ കയ്യിൽ പരന്നു. ചൂട് ഉള്ളംകൈയിലെ തൊലിയിലൂടെ, മാസംത്തിലൂടെ. ലളിതയ്ക്ക് ദേഹത്തിലെ എല്ലാ എല്ലുകളും കരിയുന്നു എന്നു തോന്നി.

ഇത് സഹതാപമാണോ? കണ്ണീരിന്റെ നേർത്ത നനവിൽ ലളിത ഓർത്തു. അതോ, സ്വന്തം അഭിരുചികളുടെ നിലവാരം കണ്ടെത്തിയ രഘുവിനെ കണ്ടതിലുള്ള നിരാശയോ. സുമതിയെപ്പോലൊരു പെൺകുട്ടിയെ രഘു അഞ്ച് നിമിഷത്തേക്ക് വെച്ചുപൊറുപ്പിക്കുകയില്ലെന്നായിരുന്നു. തന്റെ ധാരണ. സുമതിക്കെതിരെ തന്നെ സങ്കല്പിക്കേണ്ടിവരുന്നു എന്നതാണോ ദു:ഖം. എങ്കിൽ താൻ ആരായിരുന്നു ? ചന്തയിൽനിന്നും ഒരു കിലോ തക്കാളി വാങ്ങുന്ന ലാഘവത്തോടെ രഘു ഒരു പെൺകുട്ടിയെ ഭാര്യയാക്കുമെന്ന് താൻ പ്രതീക്ഷിച്ചിരുന്നില്ലെന്നതും ശരിയാണ്. പൊടുന്നനെ, ഒരു വെളിപാടിന്റെ ഉറപ്പോടും തെളിമയോടും കൂടിയാണ് രഘുവിനെ വിവാഹം കഴിക്കാതിരിക്കാനുള്ള തന്റെ തീരുമാനം എത്ര നന്നായിരുന്നു എന്ന് ലളിത ഓർത്തത്. ഇപ്പോൾ എന്തെന്നില്ലാത്ത ഔദാര്യത്തോടെ രഘുവിനെ തനിക്ക് നേരിടാം. ഇത് ദയയാണോ. ലളിത പൊള്ളിക്കരിഞ്ഞ കൈപ്പടത്തിലൂടെ കണ്ണോടിച്ച് സ്വയം ചോദിച്ചു. ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ, തന്റെ മനസ്സിൽ അന്നുണ്ടായിരുന്നത് ദയയല്ല എന്നു തോന്നുന്നു. മകന്റെ കഴിവുകേട് കണ്ടറിഞ്ഞ അമ്മയുടെ, പ്രതീക്ഷകളെയും നിരാശയേയും മറികടന്ന വാത്സല്യമായിരുന്നു അത്.

വാതിൽക്കലെ കാൽപ്പെരുമാറ്റത്തിന്റെ പരിചിതത്വത്തിൽ ലളിത ഞെട്ടിത്തിരിഞ്ഞു. മെഴുകുതിരി ഊതിക്കെടുത്തി.

വിചാരിച്ചപോലെ രഘുവായിരുന്നു അത്.

'സുമതിയോട് എന്തു പറഞ്ഞിട്ടാണ് തിരിച്ചുവന്നത്? ' ലളിത തിടുക്കത്തിൽ ചോദിച്ചു. 'എന്തെങ്കിലും മറന്നുവെച്ചോ?'

തന്റെ ധൃതി തനിക്കുതന്നെ അപരിചിതവും അസ്ഥാനത്തുമായി ലളിതയ്ക്ക് തോന്നി. പക്ഷേ ആ സമയത്ത് കാണണമെന്ന് ലളിതയ്ക്ക് ഒട്ടും മോഹമില്ലാതിരുന്ന ഒരാളായിരുന്ന രഘു.

'ഒരു ജീവിതം മുഴുവൻ കുറ്റവാളിയെപ്പോലെ ജീവിക്കാൻ എനിക്കു വയ്യ.'

'സുമതി ചുവണ്ടിലുണ്ട്.' ലളിത വേഗം പറഞ്ഞു. 'പേന മറന്നുവെച്ചു എന്നല്ലേ സുമതിയോട് പറഞ്ഞിട്ടുണ്ടാവുക. വേഗം പൊയ്ക്കോളൂ. രഘുവിന്റെ മുഖത്തെ അമ്പരപ്പ് ഏറെ പ്രകടമാണ്. അതവരുടെ കണ്ണിൽപ്പെട്ടാൽ രഘുവിന് വിഷമമാവും. ഉത്തരം പറയാൻ രഘുവിനാവില്ല.'

'ലളിതേ' രഘു പറഞ്ഞു: 'എന്നോട് എന്തെങ്കിലും ആവശ്യപ്പെടൂ. ഒട്ടും ഒട്ടും മാറിയിട്ടില്ല ഞാൻ.'

രഘുവിന്റെ മുഖം മുഴുവൻ വിയർപ്പ് പൊടിഞ്ഞിരുന്നു. വെളിച്ചത്തിന്റെ നേർത്ത ഇഴകളിൽ അവ മിന്നി. നിറഞ്ഞ സ്നേഹവും എന്തെന്നില്ലാത്ത സങ്കടവും രഘുവിന്റെ മുഖത്ത് തെളിഞ്ഞു. 'എന്തുവേണമെങ്കിലും.'..

രഘു കെഞ്ചി. രഘുവിന്റെ മുതുകത്ത് പതുക്കെ തലോടി ലളിത സോഫയിലേക്ക് തിരിഞ്ഞു നടന്നു.

'ഞാനാവശ്യപ്പെടുന്നത് ചെയ്യാൻ രഘുവിനാവുകയില്ല. 'ശാഠ്യം പിടിക്കുന്ന കുട്ടിയെ ആശ്വസിപ്പിക്കുന്ന മട്ടിൽ ലളിത പറഞ്ഞു: 'വെറുതെ സ്വയം വേദനിപ്പിക്കാതിരിക്കൂ.'

പൊള്ളലിന്റെ പാടുകൾ രഘു അപ്പോഴാണ് കണ്ടത്. പ്രേതത്തെക്കണ്ടപോലെ രഘു വിളറി.

'ഞാനാവശ്യപ്പെടട്ടെ.' രഘുവിന്റെ മുഖം തന്റേതിന് നേരെ പിടിച്ചുനിർത്തി ലളിത ചോദിച്ചു: 'രഘുവിന്നതാവില്ല.'

'പറയൂ.'

'ഇന്നീരാത്രി ഇവിടെ എനിക്ക് കൂട്ടിരിക്കുക.' അടികൊണ്ട പാമ്പിനെപോലെ രഘു ! ചൂളുന്നത് ലളിത അറിഞ്ഞു. പ്രതീക്ഷിച്ചിരുന്നു താനും.

'അതുകൊണ്ട്, ' ഒരു നേർത്ത ചിരിയോടെ ലളിത പറഞ്ഞു. 'പൊയ്ക്കൊളളൂ. വളരെ വളരെ ചെറിയ

കാര്യങ്ങൾ നമുക്ക് ചെയ്യാനാവുകയില്ലെന്ന് അറിയുക പലപ്പോഴും നാം അതിന് തുനിഞ്ഞിറങ്ങുമ്പോഴാണ്. പ്രതീക്ഷിക്കുന്നതിലേറെ മനക്കരുത്തും ഭ്രാന്തും വേണം അതിന്.

'ലളിത തിരഞ്ഞുനടനപനിരുന്ന പുസ്തകം ഞാൻ മേടിച്ചിട്ടുണ്ട്. 'തന്റെ പൊള്ളിയ കൈ സ്വന്തം കൈയിലെടുത്ത് രഘു പറഞ്ഞു: 'മരുന്ന് പുരട്ടാൻ മറക്കണ്ട. ഞാൻ കൊണ്ടുവരാം.'

'കൊണ്ടു വരൂ.'

ഏറെ ഔദാര്യത്തോടെയായിരിക്കണം താനത് പറഞ്ഞത്. രഘു പെട്ടെന്ന് തന്റെ നേരെ തുറിച്ചുനോക്കി.

ഏകാന്തതയുടെ മുന ഒരു മുള്ളുപോലെ തൊണ്ടയിൽ ശ്വാസം മുട്ടിച്ചുകൊണ്ട് തറഞ്ഞുനിന്ന ഒരു ത്രിസന്ധ്യയ്ക്കാണ് രഘു കയറിവന്നത്. രാവിലെ തുടങ്ങിയിരുന്ന ചനുപിനുന്നനെയുള്ള മഴ. ശാഠ്യക്കാരനായ കുട്ടിയുടെ നിർത്താത്ത കരച്ചിൽപോലെ അപ്പോഴും തുടർന്നു. തോട്ടിലൂടെ ഒഴുകുന്ന വെള്ളത്തിന്റെയും ഭഗവതിക്കാവിലെ ദീപാരാധനയുടെയും ശബ്ദം കാതോർത്ത് പുറത്തെ ഇരുട്ടിനെ നോക്കി വെറുതെ നിൽക്കുകയായിരുന്നു താൻ.

'ഞാനോടിപ്പിടഞ്ഞ് ഈ നേരത്തെത്തിയത് എങ്ങനെ എന്ന് നിങ്ങള ചോദിച്ചുപോലുമില്ല.' തലമുടിയിലേയും ദേഹത്തേയും വെള്ളം തുടച്ചുകൊണ്ട് രഘു പരാതിപ്പെട്ടു.

'ശരി.' ആ സമയത്ത് ഒരു മനുഷ്യശബ്ദം കേട്ടതിലുള്ള അതിരറ്റ സന്തോഷം മറച്ചുപിടിച്ച് മര്യാദയാണെന്നതുപോലെ താൻ പറഞ്ഞു: 'ചോദിക്കുന്നു.'

തന്റെ അന്നത്തെ ഗംഭീര ലക്ചറിനെപ്പറ്റിയും പ്രഫസറുടെ കണ്ണുകൾ നനഞ്ഞതിനെപ്പറ്റിയും കൂടെ പണിയെടുക്കുന്ന പെൺകുട്ടി ആ നല്ല ദിവസത്തിന്റെ ഓർമ്മയ്ക്കായി തന്റെ പ്രിയപ്പെട്ട പേന സമ്മാനിച്ചതിനെപ്പറ്റിയും ഒക്കെയായിരുന്നു രഘു സംസാരിച്ചിരുന്നത്. കസേരയുടെ ചാരിൽ പാതി ചാരി കാൽ മുകളിലേക്കു കയറ്റിവെച്ച് താൻ രഘുവിനെ നോക്കി.

തിളങ്ങുന്ന കണ്ണുകൾ. നേടിയെടുത്ത ബഹുമതിയുടെ എന്തെന്നില്ലാത്ത സന്തോഷം.

പിന്നിൽ തിമിർത്തു പെയ്തിരുന്ന മഴയുടെ നനവും നിലവിളിയും വകഞ്ഞുമാറ്റി താൻ ചിരിച്ചു.

'മഹാൻ അവതരിച്ചിരിക്കുന്നു. ഇനി ?

'വെറുതെ.' രഘു പറഞ്ഞു: 'എല്ലാം കഴിഞ്ഞപ്പോൾ ഇങ്ങോട്ട് വരാനാണ് തോന്നിയത്.

പിന്നെ അന്ന് രഘു പോയില്ല. രഘു അവിടെ തങ്ങണമെന്ന് താൻ വല്ലാതെ മോഹിച്ചിരുന്നുതുകൊണ്ടാവണം അന്ന് അയാൾ അവിടെ താമസിക്കരുതെന്ന് താനിത്രയധികം ശാഠ്യം പിടിച്ചത്. അതയാൾ മനസ്സിലാക്കുമോ എന്ന പേടിയുമുണ്ടായിരുന്നു കൂടെ. വകതിരിവില്ലാത്ത മനസ്സിന്റെയും കീഴടങ്ങാത്ത അഹന്തയുടെയും കാൽക്കീഴിൽ ഒരു പുഴുവിനെപ്പോലെ പിടയവേ അയാൾ ഉറങ്ങാനെടുത്ത തലയിണകൾ വാരിവലിച്ചിട്ട് താൻ തട്ടിക്കയറി.

'ഇത് അധികപ്രസംഗമാണ്.' താൻ പറഞ്ഞു: 'രഘു വെറുതെയുമാണ്. 'രഘു കിടന്നിടത്തുകിടന്ന് കിതയ്ക്കുന്ന തന്നെ നോക്കി. തോൽവിയുടെ നിഴലുകൾ രഘുവിന്റെ മുഖത്ത് കണ്ടു.ആശ്വാസത്തോടെ കണ്ടു എന്നാണോ പറയേണ്ടത്. സന്തോഷം തോന്നി എന്നതുതന്നെയാണ് ശരി. തൻെറ മനസ്സ് തനിക്ക് മാത്രമുള്ളതാണ്. ലളിത ഓർത്തു. പക്ഷേ, പിന്നെ പോകാനായി തുറന്ന വാതിൽ കാൽകൊണ്ട് തള്ളിയടച്ച് എത്രയോകാലത്തെ പതിവെന്നതുപോലെ രഘു തന്റെ വായിൽ ചുംബിച്ചപ്പോൾ താൻ അനങ്ങാതെ നിൽക്കുകയാണ് ചെയ്തത്. രഘുവിന്റെ കണ്ണുകൾ അടഞ്ഞിരുന്നത് താനന്ന് തുറന്ന കണ്ണുകളോടെ കണ്ടു. ഇനിയൊരിക്കൽ, വേണമെങ്കിൽ, നിസ്സഹായതയായിരുന്നു കാരണമെന്ന് തനിക്ക് തന്നോടുതന്നെ പറയാം. ലളിത ഓർത്തും. പുറത്ത്, ആകെ തളർന്ന നിശ്ശബ്ദത, മഴയ്ക്കു പിന്നിൽ ഇരുട്ട് ഒരു തിളക്കത്തോടെ നിന്നു. വാസ്തവത്തിൽ തിളങ്ങിയിരുന്നത്, നമ്മുടെയൊക്കെ കയ്യിൽനിന്ന് പിന്നിട്ടവഴി നികുതിയായി ചിരിക്കുന്ന മയിൽപ്പീലികളായിരുന്നോ എന്നറിഞ്ഞുകൂടാ. ഒരു പക്ഷേ എനിക്കങ്ങനെ തോന്നിയതാവാനും മതി.

ഉരുണ്ടു വിങ്ങിനിന്ന കുരുവിൽ അറിയാതെ ചവിട്ടി പൊട്ടിച്ചവനെയെന്നപോലെ വെളിച്ചത്തിനു ചുവട്ടിലിരുന്ന് താനന്ന് രഘുവിനെ നോക്കി ചുങ്ങിയ കുരുവിനു ചുറ്റും ചലത്തിന്റെ പാടുകൾ ഉണങ്ങിക്കിടന്നു.

ലളിതയുടെ മടിയിൽ തലവെച്ച് അതേപൊലെ ഇരിക്കുകയായിരുന്നു രഘു. സാരിയിൽ രഘുവിന്റെ കണ്ണീരിന്റെ നനവ് ഉണങ്ങിയിരുന്നില്ല. തടുക്കാൻ കഴിയാത്ത ഒരു വെള്ളച്ചാട്ടത്തിൽപെട്ട് പിടയുന്നവനെപോലെ രഘു പറഞ്ഞുകൊണ്ടിരുന്നത് സുമതിയെപ്പറ്റിയായിരുന്നു.

'അവരെ ഞാൻ സ്നേഹിച്ചിട്ടേയില്ല' അയാൾ വീണ്ടും വീണ്ടും വിതുമ്പി. 'ഒരൊറ്റ ദിവസംപോലും ഞാൻ അവർക്ക് സ്നേഹം കൊടുത്തില്ല.'

രഘുവിൻെറ തലമുടിയിലും മുതുകത്തും ഒക്കെ തലോടി ലളിത മിണ്ടാതിരുന്നു. ഏറേനേരം. പുറത്ത് രാത്രിക്കുകീഴെ നാലുമണിപ്പൂക്കൾ തീരെ കാണാതെയായി വരണ്ട തോട്ടിൽനിന്ന് തവളകളുടെ ശബ്ദം പുറത്തേക്കു ചിതറി.

'അത് ചെയ്യരുതായിരുന്നു' അവൾ പിന്നെ പറഞ്ഞു. തന്റെ കാൽവണ്ണയിലും തുടയിലും ഒക്കെ

അഭയത്തിനെന്നപോലെ ഇഴഞ്ഞു നടന്നരഘുവിന്റെ കൈകൾ ലളിത പുതക്കെ സ്വന്തം കൈകളിലെടുത്തു.

'വരൂ.' ലളിത പറഞ്ഞു: 'എനിക്ക് മനസ്സിലാകുന്നു.'

പിന്നിലെ വിളക്കിൽനിന്നു തെറിച്ചുവീണ വെളിച്ചം മുന്നിലെ ഇരുട്ടിൽ നേർത്ത വരകളുണ്ടാക്കി. ലളിത പതുക്കെപ്പതുക്കെ നടന്നു.

അവസാനം, തന്റെ തൊട്ടടുത്ത് കുട്ടിയെപ്പോലെ തളർന്നു കിടന്നുറങ്ങുന്ന പുരുഷനോട്, അയാളെ ഉണർത്താതെ അവൾ പറഞ്ഞു: 'അത് ചെയ്യരുതായിരുന്നു രഘു.' രഘു ഉണർന്നില്ല. പുരുഷന്റെ കൈ തന്റെ മെലിൽനിന്ന് പതുക്കെ മാറ്റിവെച്ച് കട്ടിലിൽ നിന്നെഴുന്നേൽക്കെ, ലളിത ഒരിക്കൽകൂടെ സ്വയം പറഞ്ഞുനോക്കി: ഇനിയൊരിക്കൽ, വേണമെങ്കിൽ, ഔദാര്യമായിരുന്നു എന്ന് തന്നോട് തന്നെ പറയാം.